# കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കുള്ള കൂദാശകൾ

**ഫാ. ജോർജ് ദാനവേലിൽ**

കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കുള്ള കൂദാശകൾ എന്നു കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശേഷിപ്പിച്ചിരിക്കുന്ന കൂദാശകളാണു തിരുപ്പട്ടവും വിവാഹവും. ഇവ സ്വീകരിക്കുന്നവർക്കു സഭയിൽ ഒരു പ്രത്യേകദൗത്യം നൽകുകയും ദൈവജനത്തെ കെട്ടിപ്പടുക്കുവാനുള്ള കൃപാവരം പ്രദാനംചെയ്യുകയും ചെയ്യുന്നു. ഈ കൂദാശകളുടെ സ്വീകരണം ഓരോരുത്തരുടെയും വ്യക്തിപരമായ രക്ഷയ്ക്കു ഉതകുന്നുവെങ്കിലും ഇതരർക്കു ചെയ്യുന്ന ശുശ്രൂഷയിലൂടെ സഭാത്മക കൂട്ടായ്മയ്ക്കും മറ്റുള്ളവരുടെ രക്ഷയ്ക്കും പ്രത്യേകമാം വിധം സഹായിക്കുന്നു.

തിരുപ്പട്ടം എന്നകൂദാശ സ്വീകരിക്കുന്നവർ ക്രിസ്തുവിന്റെ നാമത്തിൽ വചനവും കൃപയും കൊണ്ടു സഭയെമേയ്ക്കുന്നതിന് പ്രതിഷ്ഠിക്കപ്പെടുന്നവരാണ്. വിവാഹമെന്ന കൂദാശയുടെ സ്വീകരണംവഴി, ദാമ്പത്യത്തിന്റെ കടമകൾ നിർവ്വഹിക്കുവാനും അതിന്റെ മഹത്വം കാത്തുസൂക്ഷിക്കുവാനും ക്രൈസ്തവ ദമ്പതിമാർ ശക്തരാക്കപ്പെടുകയും പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നു.

ക്രിസ്തു തന്റെ അപ്പസ്തോലൻമാരെ ഭരമേല്പിച്ച അപ്പസ്തോലിക ശുശ്രൂഷയുടെ ദൗത്യം യുഗാന്ത്യത്തോളം സഭയിൽ നിർവ്വഹിക്കപ്പെടുന്നതു തിരുപ്പട്ട കൂദാശയിലൂടെയാണ്: അങ്ങനെ അത് അപ്പസ്തോലിക ശുശ്രൂഷയുടെ കൂദാശയാണ്. അതിനുമൂന്നു പദവികളുണ്ട്: മെത്രാൻപട്ടം, പുരോഹിതപട്ടം, ഡീക്കൻപട്ടം (1536).

പ്രത്യേക അഭിഷേകത്തിലൂടെ (ordination) ഒരു വ്യക്തിയെ അപ്പസ്തോലിക ശുശ്രൂഷക്കുള്ള സഭാസമിതിയുടെ ഭാഗമാക്കുന്നതിനെയാണ് തിരുപ്പട്ടം സൂചിപ്പിക്കുന്നത്. ദൈവജനസേവനത്തിനായി സഭയിലൂടെ ക്രിസ്തുവിൽനിന്നു കൈവരുന്ന വിശുദ്ധമായ അധികാരം പ്രയോഗിക്കുന്നതിനു പ്രാപ്തമാക്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരം തിരുപ്പട്ടശുശ്രൂഷയിലെ അഭിഷേകം പ്രദാനം ചെയ്യുന്നു. ക്രിസ്തു തന്റെ സഭയ്ക്കുവേണ്ടി നടത്തുന്ന വേർതിരിക്കലും ദൗത്യമേല്പിക്കലുമായതിനാൽ ഇതിനെ പ്രതിഷ്ഠാകർമ്മം (consecration) എന്നും വിളിക്കാറുണ്ട്.

തിരുപ്പട്ടകൂദാശ അപ്പസ്തോലികശുശ്രൂഷയ്ക്കുള്ള കൂദാശയായതിനാൽ അപ്പസ്തോലൻമാരുടെ പിൻഗാമികളായ മെത്രാൻമാരാണ് തിരുപ്പട്ടകൂദാശയുടെ കാർമ്മികർ. ഈ കൂദാശയുടെ ആഘോഷത്തിന്റെ മുഖ്യകർമ്മം മെത്രാൻ അർത്ഥിയുടെ തലയിൽ കൈവയ്ക്കുന്നതും പരിശുദ്ധാത്മാവിന്റെ വർഷിക്കലിനും അർത്ഥി നിയോഗിക്കപ്പെടുന്ന ശുശ്രൂഷയ്ക്കാവശ്യമായ ദാനങ്ങൾക്കുവേണ്ടി ദൈവത്തോടു യാചിച്ചു കൊണ്ടുള്ള കൂദാശാപ്രാർത്ഥനയുമാണ് (1572–1576).

പഴയനിയമ പൗരോഹിത്യത്തിന്റെ എല്ലാ പ്രതിരൂപങ്ങളുടെയും പൂർത്തീകരണം ദൈവത്തിന്റെയും മനുഷ്യരുടെയുമിടയിൽ ഏക മധ്യസ്ഥനായ യേശുക്രിസ്തുവിലാണ്. ക്രിസ്തുമാത്രമാണു യഥാർത്ഥ പുരോഹിതൻ, മറ്റുള്ളവർ അവിടുത്തെ ശുശ്രൂഷകർ മാത്രമാണ് (1544–1545). തിരുപ്പട്ടകൂദാശ സഭയിലെ ശുശ്രൂഷയ്ക്കായി ഒരു വിശുദ്ധശക്തി പ്രദാനം

ചെയ്യുന്നുണ്ടെന്നും അതു ക്രിസ്തുവിന്റേതല്ലാതെ മറ്റൊന്നുമല്ലെന്നും ഈ ശക്തിയുടെ വിനിയോഗത്തിന് സ്നേഹത്തെ പ്രതി തന്നെത്തന്നെ സ്വയം ശൂന്യവത്ക്കരിച്ച ക്രിസ്തുവിന്റെ മാതൃകയാണ് മാനദണ്ഡമാക്കേണ്ടതെന്നും മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (1551).

മെത്രാൻപട്ടം സ്വീകരിക്കുകവഴി തിരുപ്പട്ടകൂദാശയുടെ പൂർണ്ണതയാണ് സീകരിക്കുന്നത്. അതുവഴി അദ്ദേഹം മെത്രാൻസംഘത്തിന്റെ ഭാഗമായിത്തീരുകയും തനിക്കേല്പിക്കപ്പെട്ടിരിക്കുന്ന പ്രാദേശിക സഭയുടെ ദൃശ്യതലവനായിത്തീരുകയും മെത്രാൻസംഘത്തിലെ അംഗമെന്നനിലയിൽ സഭമുഴുവന്റെയും അപ്പസ്തോലിക ദൗത്യത്തിലും ഉത്തരവാദിത്വത്തിലും പങ്കുചേരുകയുംചെയ്യുന്നു. മെത്രാഭിഷേകകർമ്മത്തിൽ അനേകം മെത്രാൻമാർ സന്നിഹിതരാകുന്നത് മെത്രാൻപദവിയുടെ സവിശേഷതയെയും സംഘാത്മകസ്വഭാവത്തെയുമാണ് സുചിപ്പിക്കുക. മെത്രാഭിഷേകം വിശുദ്ധീകരണ ധർമ്മത്തോടൊപ്പം പഠിപ്പിക്കാനും ഭരിക്കാനുമുള്ള ചുമതലയും നൽകുന്നു.

പുരോഹിതപട്ടത്തിന്റെ സ്വീകരണം വഴി പുരോഹിതൻ പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ സവിശേഷമായ മുദ്രകൊണ്ട് അടയാളപ്പെടുത്തുകയും ക്രിസ്തുവിന്റെ വ്യക്തിത്വത്തിൽ പ്രവർത്തിക്കാൻ കഴിയത്തക്കവിധം പുരോഹിതനായ ക്രിസ്തുവിനോട് അനുരൂപപ്പെടുകയും ചെയ്യുന്നു. സാർവ്വത്രിക ദൗത്യത്തിനായിട്ടാണ് പിരോഹിതപട്ടം സ്വീകരിക്കുന്നതെങ്കിലും ഏതെങ്കിലും ഒരു പ്രാദേശികസഭയിലാണ് വൈദികൻ തന്റെ ദൗത്യം നിർവ്വഹിക്കുക. പ്രാദേശിക സഭയുടെ തലവനായ മെത്രാനോടുള്ള കൂട്ടായ്മയിലും അവിടെ സേവനം ചെയ്യുന്ന ഇതരവൈദികരോടുള്ള കൗദാശികസഹോദര്യത്തിലും പങ്കുചേരുന്ന ഒരു വൈദികഗണത്തിന്റെ ഭാഗമായിട്ടാണ് പുരോഹിതർ തങ്ങളുടെ ശുശ്രൂഷ നിർവ്വഹിക്കുക. സുവിശേഷം പ്രസംഗിക്കാനും വിശ്വാസികളെ മേയ്ക്കാനും പുതിയ നിയമത്തിലെ യഥാർത്ഥ പുരോഹിതരെന്നനിലയിൽ ദൈവാരാധന നടത്താനുമാണ് പുരോഹിതർ അഭിഷിക്തരാവുക. വി. കുർബാനയിൽ നിന്നാണ് തന്റെ ശുശ്രൂഷക്കുള്ള ശക്തി പുരോഹിതർ സംഭരിക്കുക(1562-1568).

സഭയിലെ സേവനപ്രവർത്തനങ്ങൾക്കായി മെത്രാനിൽ നിന്നും കൈവയ്പുസ്വീകരിച്ച ശുശ്രൂഷകരാണു ഡീക്കൻമാർ. ഡീക്കൻപട്ടം സ്വീകരിക്കുന്നതിലൂടെ വചനശുശ്രൂഷയിലും ദൈവാരാധനയിലും അജപാലനത്തിലും പരസ്നേഹപ്രവർത്തനങ്ങളിലും പ്രധാനപ്പെട്ട ധർമ്മങ്ങൾ അനുഷ്ഠിക്കാൻ ഡീക്കൻമാർ നിയുക്തരാകുന്നു.

സ്ത്രീയും പുരുഷനും തമ്മിൽ ജിവിതകാലം മുഴുവനും നീണ്ടുനിൽക്കുന്ന സഖ്യം ഉളവാക്കുന്ന വിവാഹഉടമ്പടി അതിന്റെ സ്വഭാവത്താൽത്തന്നെ ദമ്പതികളുടെ നൻമയ്ക്കും സന്താനോത്പാദനത്തിനും അവരുടെ വിദ്യാഭ്യാസത്തിനും വേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. മാമ്മോദീസ സ്വീകരിച്ച രണ്ടു വ്യക്തികൾ തമ്മിലുള്ള ഈ ഉടമ്പടിയെ കർത്താവായ ക്രിസ്തു ഒരു കൂദാശയുടെ പദവയിലേക്ക് ഉയർത്തി (1601).

വിവാഹം ദൈവിക പദ്ധതിയനുസരിച്ചുള്ള ഒരു സ്നേഹോടമ്പടിയാണെങ്കിലും ആദിമാതാപിതാക്കൻമാരുടെ പാപം നിമിത്തം തിൻമയുടെ സ്വാധീനത്തിൽ നിന്നും മുക്തമല്ലെന്നു മതബോധനഗ്രന്ഥം വ്യക്തമാക്കുന്നു. ആദ്യപാപംമൂലം സംഭവിച്ച ദൈവബന്ധവിഛേദത്തിന്റെ പ്രഥമഫലം സ്ത്രീയും പുരുഷനും തമ്മിൽ ആരംഭത്തിലുണ്ടായിരുന്ന കൂട്ടായ്മയിലുണ്ടായ വിള്ളലാണ്. ഇതിന്റെ തുടർച്ചയെന്നോണം ദാമ്പത്യഐക്യം വിയോജിപ്പിനാലും അവിശ്വസ്തതയാലും പലപ്പോഴും ഭീഷണിക്കു വിധേയമാകുന്നു. എങ്കിലും ദൈവം തന്റെ

അനന്തമായ കാരുണ്യത്താൽ ആദിമ ദൈവികപദ്ധതിപ്രകാരമുള്ള ജീവിത ഐക്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള കൃപ സ്ത്രീക്കും പുരുഷനും നല്കുന്നു. വിവാഹകൂദാശയിലൂടെ ലഭ്യമാകുന്ന കൃപാവരം ദമ്പതികൾ തമ്മിലുള്ള സ്നേഹത്തെ പൂർണ്ണമാക്കാനും അവിഭാജ്യമായ അവരുടെ ഐക്യത്തെ ശക്തിപ്പെടുത്താനും സഹായിക്കുന്നു. ഈ കൃപാവരത്താൽ അവർ തങ്ങളുടെ വിവാഹജീവിതത്തിൽ വിശുദ്ധിപ്രാപിക്കുവാനും തങ്ങളുടെ മക്കളെ സ്വീകരിക്കാനും പരിശീലിപ്പിക്കുവാനും പരസ്പരം സഹായിക്കുന്നു.

വിവാഹപങ്കാളികളുടെ സമ്മതം, അതായത് വിശ്വസ്തവും ഫലദായകവുമായ സ്നേഹത്തിന്റെ ഉടമ്പടിയനുസരിച്ചു ജീവിക്കുവാൻവേണ്ടി ഓരോരുത്തരും പരസ്പരം ആത്മദാനം ചെയ്യുനുള്ള തീരുമാനമാണ് വിവാഹത്തിന്റെ അടിസ്ഥാനമെന്നു മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു. സഭയിൽ പരസ്യമായ ഒരു ജീവിതാന്തസ്സിലേക്കു വിവാഹം എന്നകൂദാശ ദമ്പതികളെ പ്രവേശിപ്പിക്കുന്നതിനാൽ വിവാഹത്തിന്റെ ആഘോഷം പരസ്യമായി ആരാധനാഘോഷത്തിന്റെ ഇടയിൽ പുരോഹിതന്റെയും സാക്ഷികളുടെയും വിശ്വാസസമൂഹത്തിന്റെയും മുൻപാകെ നടത്തണമെന്നും ഏകത, അവിഭാജ്യത, ഫലപുഷ്ടിയോടുള്ള തുറന്ന മനസ്സ് എന്നിവ വിവാഹത്തിന് അത്യാവശ്യ ഘടകങ്ങളാണെന്നും മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (1663-1664).

**********************************************